പട്ടയം തിരികെകൊടുക്കാമെന്നാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ഹൗസിംഗ് ബോർഡ് ഈ കാര്യത്തിൽ വളരെ അനുകൂലമായ തീരുമാനമെടുക്കുകയും ചില ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ തരുന്ന ഓരോ അപേക്ഷയും പരിശോധിച്ച് അതിന്റെ മെറിറ്റ് അടിസ്ഥാനത്തിൽ അത് ഹൗസിംഗ് ബോർഡുമായി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുകയും അവർക്ക് സമയബന്ധിതമായി പട്ടയം കൊടുക്കുന്നതിന് റവന്യൂ വകുപ്പുമന്ത്രി നിർദ്ദേശം നൽകുകയും ചെയ്യുന്നതാണ്.

(3) വയനാട് ജില്ലയിൽ ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേക പാക്കേജ് പദ്ധതി

ശ്രീ. എം. വി. ജയരാജൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമെന്നുള്ള നിലയിലാണ് ഈ സബ്മിഷൻ തന്നത്. വയനാട് ജില്ലയിലെ ദുരിതമനുഭവിക്കുന്ന കൃഷിക്കാർക്കും തോട്ടം തൊഴിലാളികൾക്കും ആദിവാസികൾക്കും കർഷക തൊഴിലാളികൾക്കും ദുർബല ജനവിഭാഗങ്ങൾക്കും വേണ്ടി ഒരു പ്രത്യേക പാക്കേജ് പദ്ധതി പ്രഖ്യാപിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. പക്ഷേ ദൗർഭാഗ്യവശാൽ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. കെ. എം. മാണി, ശ്രീ. കെ. ശങ്കരനാരായണൻ, ശ്രീമതി കെ. ആർ. ഗൗരിയമ്മ എന്നിവരെല്ലാം വയനാട് സന്ദർശിച്ചതിനെത്തുടർന്ന് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ട്. ആ പ്രഖ്യാപനങ്ങൾ കൊണ്ടൊന്നും വയനാട്ടിലെ ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കാൻ കഴിയുകയില്ല. 1000 കോടി രൂപ പ്രതിവർഷം വിദേശനാണ്യം നേടിത്തരുന്ന ഒരു ജില്ലയാണ് വയനാട്. അവിടെയിപ്പോൾ കർഷകരുടെ ബാങ്ക്കടം 430 കോടി രൂപയാണ്. കുടിശ്ശികമാത്രം 130 കോടി രൂപവരും. കാർഷിക കടങ്ങൾ എഴുതിത്തള്ളാൻവേണ്ടി സംസ്ഥാന സർക്കാരിന് സാധിക്കുന്നതേയുള്ളൂ. ഇന്നിപ്പോൾ റവന്യൂ വകുപ്പുമന്ത്രി കാർഷിക കടങ്ങൾ എഴുതിത്തള്ളുമെന്നു പ്രഖ്യാപിച്ചാൽത്തന്നെ നാളെമുതൽ വയനാട്ടിൽ ആത്മഹത്യ നിൽക്കും. അങ്ങനെയൊരു ആത്മവിശ്വാസം കൃഷിക്കാർക്കുണ്ടാക്കാൻ കഴിയുന്നവിധത്തിലുള്ള പ്രഖ്യാപനമാണ് ഗവൺമെന്റിൽനിന്നും വയനാടും കേരളവും പ്രതീക്ഷിക്കുന്നത്. ആത്മഹത്യ സംബന്ധിച്ചുള്ള വ്യക്തമായ കണക്കുപോലും ഗവൺമെന്റിന്റെ പക്കലില്ല. കഴിഞ്ഞ രണ്ടാഴ്ചകളായി പ്രതിപക്ഷം തുടർച്ചയായി ബഹളം വയ്ക്കുന്നു. ഇതിനകം ആ കണക്കുകൾപോലും ശേഖരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പ്രത്യേകിച്ചും മൂന്നു മന്ത്രിമാർ അവിടെ സന്ദർശിച്ചിട്ടുപോലും വ്യക്തമായ സൂചനയില്ല. ബഹുമാനപ്പെട്ട കെ. എം. മാണി ഇവിടെ പറഞ്ഞിട്ടുള്ള കാര്യം അവിടെ ആത്മഹത്യചെയ്ത കൃഷിക്കാർ എത്രയുണ്ടെന്നുള്ളത് സംബന്ധിച്ച് കണക്കെടുക്കാനും കണ്ടെത്താനും വേണ്ടി എസ്.പി.-യേയും കളക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണ്. ഈ ഇല്ലാത്ത കണക്കുമായി മറ്റെന്നാൾ അവർ കേന്ദ്രത്തിൽ പോയാൽ മതി ആ നിവേദനം കേന്ദ്രം ചവറ്റുകൊട്ടയിലെറിയാൻ. അതുതന്നെയാണ് ഇതിനുമുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്ത വളരെയധികം നിവേദനങ്ങൾക്കും പറ്റിയത്. എപ്പോഴും ഇവിടെ പ്രതിപക്ഷവുമായി സഹകരിച്ചുകൊണ്ട് കേന്ദ്രത്തിൽ പോകാമെന്ന് പറയുന്നവർ എന്തുകൊണ്ടാണ് ഇതിൽ പ്രതിപക്ഷത്തെ പങ്കെടുപ്പിക്കാതിരുന്നത്?

മി. ഡെപ്യൂട്ടി സ്പീക്കർ: മി. ജയരാജൻ, ഇത് സബ്മിഷനാണ് ചുരുക്കണം.

ശ്രീ. എം. വി. ജയരാജൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമായതു കൊണ്ടാണ്, ആത്മഹത്യചെയ്യുന്ന കൃഷിക്കാരുടെ വേദനയും ദുരിതവുമാണ് ഇവിടെ പറയുന്നത്. ചട്ടം 130 അനുസരിച്ച് ഒരു ചർച്ച നടത്തുമെങ്കിൽ ഞാൻ ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കാതിരിക്കാം. ബഹുമാനപ്പെട്ട കെ.സി. ജോസഫിനും ചട്ടം 130 അനുസരിച്ച് സംസാരിക്കാം. കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുക, 5 വർഷത്തേക്ക് പലിശരഹിത പുനർവായ്പ നൽകുക, കാർഷികോല്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിച്ച് സർക്കാർ ഏജൻസികൾ സംഭരണം നടത്തുക എന്നീ അടിയന്തിര നടപടികൾ സ്വീകരിച്ചാൽ മാത്രമേ കൃഷിക്കാരെ ദുരിതത്തിൽ നിന്നും രക്ഷപ്പെടുത്താൻ കഴിയുകയുള്ളൂ. കാപ്പിക്കും കുരുമുളകിനും ഏലത്തിനും തേയിലയ്ക്കും കൃഷിവകുപ്പിന്റെ ഒരു സഹായവും ഇപ്പോൾ ലഭിക്കുന്നില്ല. അത് വാണിജ്യ മന്ത്രാലയത്തിന്റെ ഭാഗമായിട്ടാണ് കേന്ദ്രം പരിഗണിക്കുന്നത്. അവർ നൽകുന്ന സഹായം കയറ്റുമതിക്കാർക്കു മാത്രമാണ്, കൃഷിക്കാർക്ക് അവർ സഹായം നൽകുന്നില്ല. അതുകൊണ്ട് സംസ്ഥാന സർക്കാർ ഈ നാണ്യവിളകളുല്പാദിപ്പിക്കുന്ന കൃഷിക്കാർക്ക് പ്രത്യേകം സഹായം നൽകണം. മൂന്നര വർഷം കഴിഞ്ഞിട്ടും ആദിവാസികൾക്ക് ഭൂമി നൽകിയിട്ടില്ല, അത് നൽകണം. ദുരിതമനുഭവിക്കുന്ന എല്ലാ ജനങ്ങൾക്കും സൗജന്യറേഷൻ നൽകുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ട് ഒരാഴ്ചമാത്രമേ നൽകിയിട്ടുള്ളൂ. 65 ലക്ഷം രൂപ കുടിശ്ശികയിനത്തിൽ അവിടെ കൊടുക്കാനുണ്ട്. അതുകൊണ്ട് റേഷൻകട വ്യാപാരികൾ ഇപ്പോൾ സൗജന്യ റേഷൻ നിർത്തലാക്കി. തോട്ടം തൊഴിലാളികൾ പട്ടിണിയിലാണ്. 6000 തൊഴിലാളികൾ തോട്ടം പൂട്ടിയതിനെത്തുടർന്ന് തൊഴിലില്ലാതെ നരകയാതന അനുഭവിക്കുകയാണ്. ആദിവാസികൾക്ക് വനത്തിൽ നിന്നും വനവിഭവങ്ങൾ ശേഖരിക്കാൻ കഴിയുന്നില്ല. ആ നിയമം പിൻവലിച്ചാൽത്തന്നെ പാവപ്പെട്ട ആദിവാസികൾക്ക് രക്ഷപ്പെടാവുന്നതാണ്. .....(തടസ്സം)....2005-ൽ 25-ാം വാർഷികം ആഘോഷിക്കുമ്പോൾ വയനാട് ജില്ലയിലെ കൃഷിക്കാരെ രക്ഷിക്കാൻ ഒരു പദ്ധതി തയ്യാറാക്കി പ്രഖ്യാപിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, വളരെ പരിചയസമ്പന്നനായ ശ്രീ. എം. വി. ജയരാജൻ ഒരു സബ്മിഷനകത്ത് പാക്കേജിന്റെ കാര്യം, പട്ടയത്തിന്റെ കാര്യം, ഇഞ്ചിക്കൃഷിക്കാരുടെ നികുതിയുടെ കാര്യം തുടങ്ങി ആറു കാര്യങ്ങളാണ് പറഞ്ഞത്. ഇതിൽ ഏതിനാണ് ഞാനിപ്പോൾ മറുപടി പറയേണ്ടതെന്ന് എനിക്കറിയില്ല. ബഹുമാനപ്പെട്ട എം. വി. ജയരാജന് ഞാൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പു നൽകുകയാണ്. വയനാട്ടിലെ കൃഷിക്കാരുടെ ബുദ്ധിമുട്ടിൽ ഈ ഗവൺമെന്റിന് അനുകമ്പയുണ്ട്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ ഗവൺമെന്റിനെക്കൊണ്ട് കഴിയുന്ന എല്ലാ സഹായങ്ങളും നൽകും. അവിടത്തെ കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളണം എന്നതാണ് ഗവൺമെന്റിന്റെ നിലപാട്. അങ്ങനെ എഴുതിത്തള്ളണമെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് ആവശ്യമായ ധനസഹായം നൽകണം. അതിനുവേണ്ടി ഞങ്ങൾ കേന്ദ്രത്തിലേക്കു പോകും. പാക്കേജുമായിട്ടാണ് ഞങ്ങൾ പോകുന്നത്. കേന്ദ്രത്തിൽ നിന്നും കിട്ടുന്ന തുകയുടെ അടിസ്ഥാനത്തിൽ പാക്കേജിനു ഞങ്ങൾ രൂപം കൊടുക്കും. അതു ഞങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. വീണ്ടും ശ്രീ. എം. വി. ജയരാജൻ പറഞ്ഞ കാര്യങ്ങൾക്കൊന്നും പ്രത്യേകം മറുപടി പറയുന്നില്ല. എന്റെ റൂൾ 300 അനുസരിച്ചിട്ടുള്ള പ്രസ്താവനയിൽ അതു പറഞ്ഞിട്ടുണ്ട്. വയനാട്ടിലെ മാത്രമല്ല, കേരളമൊട്ടാകെയുള്ള ആദിവാസികൾക്കു ഭൂമി കൊടുത്തത് ഈ ഗവൺമെന്റാണ്. വയനാട്ടിൽ 564 കുടുംബങ്ങൾക്ക് 1895 ഏക്കർ ഭൂമി ഈ ഗവൺമെന്റ് പതിച്ചു കൊടുത്തിട്ടുണ്ട്. അതുപോലെ കഴിഞ്ഞ രണ്ടു വർഷക്കാലം വയനാട്ടിൽ സൗജന്യറേഷൻ നൽകുന്നതിനുവേണ്ടി 65 ലക്ഷം രൂപ കൊടുത്തു. ഈ വർഷം അവിടെ സൗജന്യറേഷനുവേണ്ടി രണ്ടു കോടി തൊണ്ണൂറു ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. പച്ച ഇഞ്ചിക്കൃഷിക്കാരുടെ ടാക്സിനെ സംബന്ധിച്ച് ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റ് ചർച്ചാവേളയിൽ ഒരു പ്രസ്താവന നടത്തിയതാണ്. അതിനെപ്പറ്റി ഒരു സംശയവും ഇനി ബാക്കിയില്ല. 1977-നുമുമ്പ് വനഭൂമി കൈവശം വച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരാളിനേയും ഒഴിപ്പിക്കില്ല. വയനാട്ടിൽ വികസന വർഷമായി ആചരിക്കാൻ പോകുന്നു എന്നു പറഞ്ഞു. ഗവൺമെന്റിന് അക്കാര്യത്തിൽ ഒരു വിരോധവുമില്ല. 2005-06-ൽ കേരളപ്പിറവിയുടെ 50-ാം വാർഷികം വരികയാണ്. കേരളമൊട്ടാകെ നമുക്കു വേണമെങ്കിൽ ആഘോഷിക്കാം. വയനാട്ടിൽ മാത്രം വേണമെങ്കിൽ അങ്ങനേയും ആഘോഷിക്കാം. അതിനൊന്നും ഒരു ബുദ്ധിമുട്ടുമില്ല. ശ്രീ. എം. വി. ജയരാജൻ ആറു വിഷയങ്ങളാണ് ഈ സബ്മിഷനിലൂടെ ഉന്നയിച്ചത്. റൂൾ അനുസരിച്ച് അതു ശരിയല്ല. ഒരു വിഷയം മാത്രമേ ഒരു സബ്മിഷനു പാടുള്ളൂ. പക്ഷേ ശ്രീ. എം. വി. ജയരാജൻ ആയതുകൊണ്ടാണ് ഞാൻ മറുപടി പറഞ്ഞത്.

(4) വർക്കലയിൽ അർബൻ വാട്ടർ സപ്ലൈ സ്കീം കമ്മീഷൻ ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. വർക്കല കഹാർ: സർ, വർക്കലയിലെ ജനങ്ങളും വിനോദസഞ്ചാരികളും തീർത്ഥാടകരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളുടെ പരിഹാരത്തിനായി ഗുരുതരമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി, 1993-ൽ രൂപം കൊണ്ട അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെ കമ്മീഷൻ അനിശ്ചിതമായി നീണ്ടുപോകുകയാണ്. ഈ സർക്കാർ വന്നതിനുശേഷമാണ് ഈ സ്കീമിന് ഒരു ശാപമോക്ഷം കിട്ടിയത്.

LIBRARY ARCHIVES Kerala Legislative Assembly